**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2018** **29-09-2025 - ൽ മറുപടിയ്ക്ക്**

**സിനിമ, ടെലിവിഷൻ നയം രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിനിമ, ടെലിവിഷൻ നയം രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ന് നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) | സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സംസ്ഥാനത്തിന് സമഗ്രമായ ഒരു ചലച്ചിത്രനയം രൂപീകരിക്കുന്നതിനുള്ള പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. സിനിമാ മേഖലയ്ക്കായി നടപ്പിലാക്കുന്ന നയത്തിൽ ടെലിവിഷൻ മേഖലയെ കൂടി ഉൾപ്പെടുത്തി കാലാനുസൃതമായ മാറ്റങ്ങൾ ഈ മേഖലയിലും നടപ്പിലാക്കുന്നതിന് സർക്കാർ നിലവിൽ നടപടി സ്വീകരിച്ച് വരികയാണ്. |
| (ബി) | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലെ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ് പുനർനിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്കാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ ഓഫീസ് ബിൽഡിംഗ്, അറ്റ്മോസ് സൗണ്ട് റിക്കോർഡിംഗ് സ്റ്റുഡിയോ, ഡബ്ബിംഗ് ഫോളി-ഇഫക്ട്സ് സ്യൂട്ടുകൾ, ഡി.ഐ. സ്യൂട്ട്, Equipment Storage Building, Air Conditioning Shooting Floor തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. ഇലക്ട്രിക്കൽ സബ്ബ് സ്റ്റേഷൻ, സമ്പ് (sump), ടോയ്‌ലറ്റ് ബ്ലോക്ക്, Snacks Bar തുടങ്ങിയവയുടെ ജോലികളും ആരംഭിച്ചുകഴിഞ്ഞു.<br><br>ഡ്രെയിനേജ് അറ്റകുറ്റപ്പണികൾ, റോഡ് ടാറിംഗ് എന്നീ ജോലികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മെയിൻഗേറ്റ് മുതൽ ഫ്ലോർ വരെയുള്ള റോഡ് ടാറിംഗ് ചെയ്യുന്നതോടുകൂടി കൂടുതൽ സിനിമ/ടെലിവിഷൻ സീരിയലുകൾക്ക് ഔട്ട്ഡോർ ചിത്രീകരണത്തിന് സഹായമാകുന്നതാണ്. ദൃശ്യ ബിൽഡിംഗിൽ ഒരു കോടതിമുറിയുടെ സെറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായി കഴിഞ്ഞു. കൂടാതെ ആശുപത്രി, ഓഫീസ് റൂം, പോലീസ് സ്റ്റേഷൻ തുടങ്ങിയവ ആവശ്യാനുസരണം സെറ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യാവുന്ന തരത്തിലുള്ള ഒരു ഫ്ലോർ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. ഇത്തരത്തിലുള്ള ഒരു ഫ്ലോർ ആരംഭിക്കുന്നത് കൂടുതൽ സിനിമ/ടെലിവിഷൻ സീരിയലുകളെ ആകർഷിക്കുവാൻ കഴിയുന്നതാണ്. ചിത്രാഞ്ജലി സ്റ്റുഡിയോയിലെ നിലവിലുള്ള മീഡിയം ഷൂട്ടിംഗ് ഫ്ലോർ എയർ കണ്ടീഷനിംഗ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇത് എത്രയും പെട്ടെന്ന് തന്നെ പ്രവർത്തനമാരംഭിക്കുവാൻ കഴിയും.<br><br>എയർപോർട്ട് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം മരങ്ങൾ മുറിച്ച് ലാന്റ് സ്കേപ്പ് ഭാഗത്ത് സിനിമ/ സീരിയൽ ചിത്രീകരണത്തിന് അനുയോജ്യമായ രീതിയിൽ ഒരു ഗാർഡൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br><br>ചിത്രാഞ്ജലിയിലെ ലാന്റ്സ്കേപ്പ് ഭാഗത്തെ ടെമ്പിൾ സെറ്റിന്റെ നവീകരണ പ്രവർത്തികൾ സ്റ്റുഡിയോ നവീകരണ പ്രവർത്തിയിൽ ഉൾപ്പെട്ടതാണ്. ആയതിനുള്ള പ്രവർത്തനം ആരംഭഘട്ടത്തിലാണ്. |
| (സി) | നിലവിൽ ഷൂട്ടിംഗ് ജോലികൾ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ നിർവഹിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ ഓഫീസ് ബിൽഡിംഗ്, അറ്റ്മോസ് സൗണ്ട് റിക്കോർഡിംഗ് സ്റ്റുഡിയോ, ഡബ്ബിംഗ് ഫോളി-ഇഫക്ട്സ് സ്യൂട്ടുകൾ, ഡി.ഐ. സ്യൂട്ട്, Equipment Storage Building, Air Conditioning Shooting Floor ഉടങ്ങിയവയുടെ നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. ഇലക്ട്രിക്കൽ സബ്ബ് സ്റ്റേഷൻ, സമ്പ് (sump), ടോയ്ലറ്റ് ബ്ലോക്ക്, Snacks Bar ഉടങ്ങിയവയുടെ ജോലികളും ആരംഭിച്ചുകഴിഞ്ഞു.<br><br>ഡ്രെയിനേജ് അറ്റകുറ്റപ്പണികൾ, റോഡ് ടാറിംഗ് എന്നീ ജോലികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മെയിൻഗേറ്റ് മുതൽ ഫ്ലോർ വരെയുള്ള റോഡ് ടാറിംഗ് ചെയ്യുന്നതോടുകൂടി കൂടുതൽ സിനിമ/ടെലിവിഷൻ സീരിയലുകൾക്ക് ഔട്ട്ഡോർ ചിത്രീകരണത്തിന് സഹായമാകുന്നതാണ്. ദൃശ്യ ബിൽഡിംഗിൽ ഒരു കോടതിമുറിയുടെ സെറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായി കഴിഞ്ഞു. കൂടാതെ ആശുപത്രി, ഓഫീസ് റൂം, പോലീസ് സ്റ്റേഷൻ ഉടങ്ങിയവ ആവശ്യാനുസരണം സെറ്റ് ചെയ്യാവുന്ന തരത്തിലുള്ള ഒരു ഫ്ലോർ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. ഇത്തരത്തിലുള്ള ഒരു ഫ്ലോർ ആരംഭിക്കുന്നത് കൂടുതൽ സിനിമ/ടെലിവിഷൻ സീരിയലുകളെ ആകർഷിക്കുവാൻ കഴിയുന്നതാണ്. ചിത്രാഞ്ജലി സ്റ്റുഡിയോയിലെ നിലവിലുള്ള മീഡിയം ഷൂട്ടിംഗ് ഫ്ലോർ എയർ കണ്ടീഷനിംഗ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇത് എത്രയും പെട്ടെന്ന് തന്നെ പ്രവർത്തനമാരംഭിക്കുവാൻ കഴിയും.<br><br>എയർപോർട്ട് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം മരങ്ങൾ മുറിച്ച് ലാന്റ് സ്കേപ്പ് ഭാഗത്ത് സിനിമ/സീരിയൽ ചിത്രീകരണത്തിന് അനുയോജ്യമായ രീതിയിൽ ഒരു ഗാർഡൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br><br>ചിത്രാഞ്ജലിയിലെ ലാന്റ്സ്കേപ്പ് ഭാഗത്തെ ടെമ്പിൾ സെറ്റിന്റെ നവീകരണ പ്രവർത്തികൾ സ്റ്റുഡിയോ നവീകരണ പ്രവർത്തിയിൽ ഉൾപ്പെട്ടതാണ്. ആയതിനുള്ള പ്രവർത്തനം ആരംഭഘട്ടത്തിലാണ്. |
| (ഡി) | സംസ്ഥാനത്ത് ചലച്ചിത്ര അക്കാഡമി പോലെ ഒരു ടെലിവിഷൻ അക്കാഡമി സ്ഥാപിക്കുമോ; വിശദമാക്കാമോ; | (ഡി) | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ടെലിവിഷനു വേണ്ടിക്കൂടി പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനമാണ്. കേരള സംസ്ഥാന ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയത്തിന്റെയും വിതരണത്തിന്റെയും നടത്തിപ്പ് ചുമതല അക്കാദമിക്കാണ്. ടെലിവിഷൻ രംഗത്തെ ആയുഷ്കാല സംഭാവനയ്ക്ക് ടെലിവിഷൻ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡും നൽകിപ്പോരുന്നു. അതിനാൽ ടെലിവിഷനു മാത്രമായി പ്രത്യേക അക്കാദമി രൂപീകരിക്കേണ്ട ആവശ്യമില്ല. |
| (ഇ) | ടെലിവിഷൻ രംഗത്ത് ജോലി നോക്കുന്ന മുഴുവൻ സാങ്കേതിക പ്രവർത്തകരുടെയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് ഒരു തൊഴിൽ നിയമം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (ഇ) | സംസ്ഥാനത്തെ ടെലിവിഷൻ/ബ്രോഡ്കാസ്റ്റ് മേഖലയിൽ സാങ്കേതിക ജീവനക്കാർക്ക് ബാധകമായ പ്രധാന തൊഴിൽനിയമങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1960** (ഭേദഗതികൾ ഉൾപ്പെടെ) ഭൂരിഭാഗം ടെലിവിഷൻ സ്റ്റേഷനുകളും, സ്റ്റുഡിയോകളും, ഓഫീസുകളും ഈ നിയമപ്രകാരം "വാണിജ്യ സ്ഥാപനങ്ങൾ" ആയി കണക്കാക്കപ്പെടുന്നു. ജോലി സമയം, ഇടവേള, ഓവർടൈം, അവധി, ലീവ് എന്നിവ നിയന്ത്രിക്കുന്നു.<br><br>**മിനിമം വേതന നിയമം, 1948** - മിനിമം വേതന നിയമത്തിലെ ഷെഡ്യൂൾ എംപ്ലോയ്മെന്റിൽ |

ഉൾപ്പെട്ട 85 തൊഴിൽ മേഖലകളിൽ സംസ്ഥാന സർക്കാർ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേബിൾ ടെലിവിഷൻ മേഖലയിലെ ടെക്നിക്കൽ ജീവനക്കാർക്കായി G.O(P)No.36/2020/LBR പ്രകാരം മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സിനിമാ ടെലിവിഷൻ മേഖലയിലെ പ്രവർത്തകർക്കായി G.O(P)No.28/2023/LBR പ്രകാരം സർക്കാർ (Minimum wages for Production of Motion Pictures & Tele film industry) മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

**The working Journalists and other Newspaper employees (Conditions of service) and Miscellaneous Provisions Act, 1955** - വാർത്താ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന വർക്കിങ് ജേർണലിസ്റ്റുകൾക്കും ന്യൂസ് പേപ്പർ ജീവനക്കാർക്കുമായി അവരുടെ സേവനവേതന വ്യവസ്ഥകൾ പ്രതിപാദിക്കുന്ന നിയമമാണ്.

**വ്യവസായ തർക്ക നിയമം 1947** - ടി നിയമ പ്രകാരം സംസ്ഥാനത്ത് തൊഴിൽ തർക്കങ്ങൾ ടി നിയമപ്രകാരമുള്ള അനുരഞ്ജന ഉദ്യോഗസ്ഥർ മുമ്പാകെ ചർച്ചകൾ നടത്തി ഇരുകക്ഷികളും അംഗീകരിച്ച ദീർഘകാല കരാറുകൾ ഏർപ്പെടാവുന്നതും ചർച്ചകൾ പരാജയപ്പെടുന്ന മുറക്ക് തർക്കം സർക്കാർ മുഖേന Adjudicationനു വേണ്ടി ലേബർ കോടതികൾക്കും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലേക്കും റഫർ ചെയ്യാവുന്നതുമാണ്. മറ്റു കേന്ദ്രനിയമങ്ങൾ (മറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, പേയ്മെന്റ് ഓഫ് വേജസ് ആക്ട് മുതലായവ) തൊഴിൽ വ്യവസ്ഥകൾ അനുസരിച്ച് ടെലിവിഷൻ മേഖലക്കും ബാധകമാണ്.

**ലേബർ കോഡുകൾ**

കേന്ദ്രസർക്കാർ പാസാക്കിയ 4 ലേബർകോഡുകളിൽ Code on Social Security, 2020, Occupational Safety Health and Working Conditions Code, 2020 എന്നീ കോഡുകളിൽ ടെലിവിഷൻ മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ട്. Occupational Safety, Health and Working Conditions Code, 2020 (കേന്ദ്രം) സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യങ്ങൾ സംബന്ധിച്ച ഏകീകൃത നിയമമാണ്. Code on Social Security, 2020 ജീവനക്കാരുടെ

| | | | |
|---|---|---|---|
| | | | സാമൂഹ്യസുരക്ഷ, ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ചതാണ്. ടി നിയമങ്ങളുടെ ചട്ടങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മുറക്ക് ടി നിയമങ്ങളുടെ പരിരക്ഷ ടി തൊഴിലാളികൾക്കും ലഭിക്കുന്നതാണ്. |
| (എഫ്) | സംസ്ഥാനത്ത് ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക പ്രവർത്തകർക്ക് അംഗീകൃത ട്രേഡ് യൂണിയനുകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എഫ്) | സംസ്ഥാനത്ത് സാങ്കേതിക പ്രവർത്തകർക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ട്രേഡ് യൂണിയനുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**<u>തിരുവനന്തപുരം</u>**<br><br>1. Independent Film Television Artist and Technician Association<br><br>2.Television Artist And Technicians Association<br><br>**<u>എറണാകുളം</u>**<br><br>1. Malayalam Film Television Workers Association<br><br>2. Television Chamber of Trade Union<br><br>3. Kerala State Television Mazdoor Sangh<br><br>4.FEFKA Malayalam Digital Television Employees Union<br><br>**<u>തൃശ്ശൂർ</u>**<br><br>1. All Kerala Cinema Television Artist Co-Operative Union<br><br>2. Bharathiya Chalachithra Sangethika Pravarthaka Sangam (BHACHASS)<br><br>**<u>കൊല്ലം</u>**<br><br>1. All Kerala Dish Trackers Trade Union<br><br>2. Satcom Workers & Associates Union. |

സെക്ഷൻ ഓഫീസർ